**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1602** **11-10-2024 - ൽ മറുപടിയ്ക്ക്**

**ജൈവകൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യോല്പാദനത്തിനായി ജൈവകൃഷിയിലൂന്നിയുള്ള കാർഷികനയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തു സുരക്ഷിത ഭക്ഷ്യോൽപ്പാദനത്തിനായി ജൈവ കാർഷിക നയം രൂപീകരിച്ചിട്ടുണ്ട്. കേരളത്തിലെ കർഷകരിലും പൊതുജനങ്ങ ളിലും ജൈവ കാർഷിക ഉല്പന്നങ്ങളുടെ ഗുണങ്ങളായ സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം, എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പോഷക സമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ജൈവ മാർഗ്ഗത്തിലൂടെ ഉല്പാദിപ്പിച്ച് വിപണിയിലെത്തിക്കുന്നതിനും ജൈവ ഉല്പന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിനുള്ള വിപണി ഇടപെടലുകൾ നടത്തുന്നതിലൂടെ കാർഷിക വരുമാന വർദ്ധനവ് ഉറപ്പ് വരുത്തുന്നതിനുമായി ഈ സർക്കാർ ഉത്തരവ് ജൈവകാർഷിക മിഷൻ രൂപീകരിച്ചിട്ടുണ്ട്.<br><br>**ജൈവ കാർഷിക മിഷന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ**<br><br>പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് കർഷകന് ലാഭകരമായി കൃഷി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള സുസ്ഥിര ജൈവ കൃഷി വികസന പദ്ധതി നടപ്പിലാക്കുക.<br><br>കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള കൃഷി മുറകൾ നടപ്പിലാക്കുക.<br><br>സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം ജൈവകൃഷിയിലൂടെ എന്ന ആശയത്തെ കുറിച്ച് പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക.<br><br>"ഓരോ വർഷവും കുറഞ്ഞത് 10,000 ഹെക്ടർ വീതം സ്ഥലത്തു കാർഷിക പാരിസ്ഥിതിക മേഖലകളെ അടിസ്ഥാനമാക്കി തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ജൈവ കൃഷി വ്യാപിപ്പിച്ചുകൊണ്ട് അഞ്ച് |

വർഷത്തിനുള്ളിൽ കുറഞ്ഞത് 50,000 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി ചെയ്യുക.

ജൈവകൃഷിയ്ക്കായി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ/ഫാമുകൾ കുറഞ്ഞത് 5വർഷം വരെയെങ്കിലും ജൈവകൃഷി തുടരുമെന്ന് ഉറപ്പാക്കുക.

ജൈവ കൃഷിയ്ക്ക് ആവശ്യമായ ഉല്പാദനോപാധികൾ പ്രാദേശികമായി ഉല്പാദിപ്പിക്കുന്നതിനുള്ള ചെറുകിട സംരംഭങ്ങൾ, കൃഷിക്കൂട്ടം, കാർഷിക കർമ്മസേന, കുടുംബശ്രീ, കൃഷിശ്രീ സെന്ററുകൾ, അഗ്രോ സർവീസ് സെന്ററുകൾ എന്നിവയുടെ നേതൃത്വത്തിൽ ആരംഭിക്കുക.

ജൈവ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള വിപണന സംവിധാനം ഒരുക്കുകയും ജൈവ ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിനുള്ള സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യുക.

ഉല്പന്നങ്ങൾക്ക് സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള സംവിധാനവും നടപടി ക്രമങ്ങളും വികസിപ്പിക്കുക.

കേരളത്തിന്റെ തനതായ ജൈവ ഉല്പന്നങ്ങൾക്ക് ലോഗോ ഉണ്ടാക്കുകയും പ്രത്യേക ബ്രാൻഡിൽ വിൽപ്പന നടത്തുന്നതിനുമുള്ള സംവിധാനം ഒരുക്കുകയും ചെയ്യുക.

ജൈവ ഉൽപന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിന് ആവശ്യമായ സംഭരണ സംസ്കരണ മൂല്യവർദ്ധിത പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സംവിധാനം ഒരുക്കുക.

കർഷക രജിസ്ട്രേഷൻ, ഉല്പാദന വിവരങ്ങൾ, വിപണനം, ഉറവിടം കണ്ടെത്തൽ, ബ്രാൻഡിംഗ്, ഗുണനിലവാര നിയന്ത്രണം, സർട്ടിഫിക്കേഷൻ തുടങ്ങിയവയിൽ ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഉപയോഗം കൊണ്ടുവരുന്നതിനും കാര്യക്ഷമമായ വിപണനത്തിനായുള്ള അന്തരീക്ഷം ഉറപ്പാക്കുന്നതിനും കർഷകർക്ക് ന്യായമായ വില തൽസമയം ലഭിക്കുന്നതിനുമുള്ള സംവിധാനങ്ങൾ സജ്ജമാക്കുക.

ജൈവകൃഷിയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള വിത്തുൾപ്പെടെയുള്ള ഉല്പാദനോ പാധികളുടെ ഗുണ നിലവാരം ഉറപ്പാക്കി കർഷകരിലെത്തിക്കുന്നതിനും ജൈവകൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുമുള്ള സംവിധാനം കൊണ്ടുവരുക.

| | | | |
|---|---|---|---|
| | | | എല്ലാ അസംബ്ലി നിയോജക മണ്ഡലങ്ങളിലും ജൈവകൃഷി മിഷന്റെ ഭാഗമായി പ്രത്യേക പദ്ധതികൾ കൃഷിക്കൂട്ടങ്ങളേയും FPO കളേയും യോജിപ്പിച്ചുകൊണ്ട് തയ്യാറാക്കുക. മാതൃകയായി നടപ്പിലാക്കുന്ന പദ്ധതികൾക്ക് പ്രത്യേക അംഗീകാരം നൽകുക.<br><br>ഫാം പ്ലാൻ മാതൃകയിൽ IFS പ്ലോട്ടുകളുടെ വികസനത്തിലൂടെ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുക.<br><br>കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകളിൽ 10%-ൽ കുറയാത്ത സ്ഥലത്ത് ജൈവ കൃഷി ആരംഭിക്കുക. |
| (ബി) | പൂർണ്ണമായും ജൈവരീതിയിൽ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങളുടെ സംഭരണം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നൂതന സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ ? | (ബി) | കാർഷിക ഉത്പ്പന്നങ്ങൾ വിപണനം നടത്തുന്നതിനായി ഹോർട്ടികോർപ്പ്, VFPCK എന്നിവയുമായി സംയോജിച്ച പ്രവർത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ ഹോർട്ടികോർപ്പിന്റെ തിരുവനന്തപുരം (1), ആലപ്പുഴ (4), എറണാകുളം (1), തൃശ്ശൂർ (1), കോഴിക്കോട് (1) പ്രവർത്തിക്കുന്ന ആകെ 8 ജൈവ വിപണികളിലൂടെ ജൈവ ഉല്പന്നങ്ങൾ ബ്രാൻഡിംങ്ങോട് കൂടി വിറ്റഴിക്കും. VFPCK പദ്ധതിയിലൂടെ എറണാകുളം, കാക്കനാട് നിർമ്മിച്ച ഹൈടെക് ഓർഗാനിക് സൂപ്പർമാർക്കറ്റ് ഉടൻ പ്രവർത്തനമാരംഭിക്കും.ജൈവ കാർഷിക ഉൽപ്പന്നങ്ങൾക്ക് ബ്രാൻഡിങ്ങും മെച്ചപ്പെട്ട മാർക്കറ്റിങ്ങും ഉറപ്പാക്കുന്നതിന് വേണ്ടി സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള കൃഷിക്കൂട്ടങ്ങളുടെയും കർഷകരുടെയും കർഷക ഗ്രൂപ്പുകളുടെയും safe to eat,Organic ഉൽപ്പന്നങ്ങൾക്ക് സാക്ഷ്യപ്പെടുത്തൽ നൽകി "KERALAGRO – GREEN" KERALAGRO – ORGANIC' എന്നീ ബ്രാൻഡുകളിൽ KERALAGRO ഷോപ്പുകൾ വഴി വിൽപ്പന ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി ആയ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയിലെ ക്ലസ്റ്ററിൽ അംഗമായി പൂർണ്ണമായും ജൈവ കൃഷി രീതിയിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ "PGS INDIA-ORGANIC" എന്ന ബ്രാൻഡിൽ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു .പ്രസ്തുത ഉല്പന്നങ്ങൾക്ക് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ജൈവ കൃഷിയും ഉത്തമ കാർഷിക മുറകളും പദ്ധതിയിൽ ഉൾപ്പെടുത്തി പൈലറ്റ് അടിസ്ഥാനത്തിൽ 10% ഇൻസെന്റീവ് നൽകുന്നു .കൂടാതെ സംസ്ഥാന സർക്കാർ നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 650 ഫാമുകൾക്ക് NPOP ജൈവ സർട്ടിഫിക്കേഷൻ നൽകുന്നു ആയതിന്റെ ആദ്യ ഘട്ട പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | ആരംഭിച്ചിട്ടുണ്ട്. വിഷരഹിത പച്ചക്കറികളുടെ സംഭരണവും വിപണനവും കൃഷി വകുപ്പിന്റെ ഇക്കോഷോപ്പുകൾ മുഖേനയും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ